**റിപ്പോർട്ട് നമ്പർ: 1.1**

**75-ാമത് ഭരണസമിതി യോഗത്തിൻെറ (16.02.22) നടപടിക്രമം അംഗീകാരത്തിനായി സമർപ്പിക്കുന്നു.**

# കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവ്വകലാശാല

## നടപടി കുറിപ്പുകൾ, 75-ാമത് ഭരണസമിതി യോഗം

തീയ്യതി : **16** ഫെബ്രുവരി **2022**, സമയം : രാവിലെ **10.30** മണി
**വേദി: ഗൂഗിൾ മീറ്റ് വഴി ഓൺലൈനായി**
(ഫയൽ നമ്പർ: കെ.വി.എ.എസ്.യു./ജി.എ.-ബി1/10388/2022)

***ഹാജരായ അംഗങ്ങൾ:***

1. ഡോ. എം.ആർ. ശശീന്ദ്രനാഥ്, വൈസ് ചാൻസലർ - അദ്ധ്യക്ഷൻ
2. ഡോ. പി. സുധീർ ബാബു, രജിസ്ട്രാർ - മെമ്പർ സെക്രട്ടറി

***ഓൺലൈനായി പങ്കെടുത്തവർ:***

3. ശ്രീ. എൻ. ഗോപകുമാർ, അഡീഷണൽ സെക്രട്ടറി - ധനകാര്യ വിഭാഗം പ്രതിനിധി
4. ശ്രീ. ബി. പ്രതാപചന്ദ്രൻ, അഡീഷണൽ സെക്രട്ടറി - നിയമ വിഭാഗം പ്രതിനിധി
5. ഡോ. അശോക് കുമാർ, അസി. ഡയറക്ടർ ജനറൽ - ഐ.സി.എ.ആർ. പ്രതിനിധി
6. ഡോ. സജിത്ത് പുരുഷോത്തമൻ (മാനേജ്മെന്റ് കൗൺസിലിലെ അദ്ധ്യാപക പ്രതിനിധി)
7. ഡോ. ലീബ ചാക്കോ (മാനേജ്മെന്റ് കൗൺസിലിലെ അദ്ധ്യാപക പ്രതിനിധി)
8. ശ്രീ. വാഴൂർ സോമൻ, എം.എൽ.എ. (മാനേജ്മെന്റ് കൗൺസിലിലെ എം.എൽ.എ. പ്രതിനിധി)
9. ശ്രീ. ഒ.ആർ. കേളു, എം.എൽ.എ. (മാനേജ്മെന്റ് കൗൺസിൽ പ്രതിനിധി)
10. ശ്രീ. തോമസ്. കെ.കെ. (മാനേജ്മെന്റ് കൗൺസിൽ പ്രതിനിധി)
11. ഡോ. അരുൺ. ടി.ആർ. - വെറ്ററിനറി കൗൺസിൽ ഓഫ് ഇൻഡ്യ പ്രതിനിധി

***സാന്നിധ്യം:***

1. ശ്രീമതി. ശ്രീലത. എം, ഫിനാൻസ് ഓഫീസർ
2. ഡോ. എൻ. അശോക്, ഡയറക്ടർ (ഇൻ-ചാർജ്ജ്), അക്കാദമിക്സ് & റിസേർച്ച്)
3. ഡോ. എം.കെ. നാരായണൻ, ഡയറക്ടർ (ഇൻ-ചാർജ്ജ്), സംരംഭകത്വ വിജ്ഞാന വ്യാപന വിഭാഗം

***ഓൺലൈനായി പങ്കെടുത്തവർ:***

4. ശ്രീ. ബാബുരാജ്. കെ.പി. - ഡയറക്ടർ (ഇൻ-ചാർജ്ജ്), ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് വിഭാഗം)
5. ഡോ. എസ്.എൻ. രാജ്കുമാർ, ഡീൻ (ഇൻ-ചാർജ്ജ്), സി.ഡി.എസ്.റ്റി., മണ്ണുത്തി.
6. ഡോ. സി. ലത, ഡീൻ (ഇൻ-ചാർജ്ജ്), സി.വി.എ.എസ്., മണ്ണുത്തി.
7. ഡോ. അജിത് ജേക്കബ് ജോർജ്ജ്, ഡീൻ (ഇൻ-ചാർജ്ജ്), സി.വി.എ.എസ്., പൂക്കോട്.
8. ശ്രീമതി. ഷീബ. കെ, അസി. രജിസ്ട്രാർ & സർവ്വകലാശാലാ ലോ ഓഫീസർ (ഇൻ-ചാർജ്ജ്)

യോഗം 10.30 മണിക്ക് ആരംഭിച്ചു. അദ്ധ്യക്ഷൻ എല്ലാ അംഗങ്ങളേയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു.

സ്ഥിരം തൊഴിലാളി ആയിരുന്ന ജയരാജൻ, വി. ഭാസ്ക്കരൻ (റിട്ട. ഫാം സൂപ്രണ്ട്), ഡോ. സക്കറിയ ചെറിയാൻ (റിട്ട. പ്രൊഫസർ) എന്നിവരുടെ നിര്യണത്തിൽ യോഗം ഒരു മിനിറ്റ് മൗനം ആചരിച്ചു.

| ഇനം നമ്പർ | വിഷയം |
|---|---|
| 1.1 | 29/01/2022 - ന് നടന്ന 74-ാമത് ഭരണസമിതി യോഗത്തിന്റെ നടപടി ക്രമം അംഗീകാരത്തിനായി സമർപ്പി ക്കുന്നത്. |
| ചർച്ച കളും തീരുമാന വും | 74-ാമത് ഭരണസമിതി യോഗത്തിന്റെ ഇനം 1.5, 1.6 എന്നിവയിലെ തീരുമാനത്തിൽ, *അംഗീകരിച്ചു* എന്നുള്ളത് *ശ്രദ്ധിച്ചു (Noted)* എന്നു തിരുത്തേണ്ടതാണെന്ന് ബഹു. അംഗം ശ്രീ. വാഴൂർ സോമൻ - എം.എൽ.എ. അഭിപ്രായപ്പെട്ടു. ആയത് അംഗീകരിച്ചു.<br><br>ഇനം 2.5, 2.6 എന്നിവയിലെ തീരുമാനത്തിൽ സർവ്വകലാശാലകളെ സംബന്ധിച്ച പ്രധാനപ്പെട്ട ഒരു ബോഡി എന്ന നിലയിൽ ബോർഡ് ഓഫ് സ്റ്റഡീസിന്റെ രൂപീകരണവുമായി ബന്ധപ്പെട്ട് ഒരുപാട് ചർച്ചകളിലേക്ക് പോകാത്ത രീതിയിൽ തന്നെ ആയത് അംഗീകരിക്കണം എന്ന അഭിപ്രായം താൻ ഉന്നയിച്ചിരുന്നു എന്നും, ആയത് നടപടി ക്രമത്തിൽ വന്നിട്ടില്ല എന്നും ബഹു. അംഗം ഡോ. സജിത്ത് പുരുഷോത്തമൻ അഭിപ്രായപ്പെട്ടു. ആയത് ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചു. മിനുറ്റ്സ് രേഖപ്പെടുത്തുന്നത് Verbatim രീതിയിൽ ആയിരിക്കുമ്പോൾ മാത്രമേ ചർച്ചയുടെ പൂർണ്ണരൂപം മിനുറ്റ്സിൽ വരുകയുള്ളു എന്നും തുടർന്ന് മിനുറ്റ് ഈ രീതിയിൽ രേഖപ്പെടുത്തണമെന്നും ബഹു. അംഗം ഡോ. സജിത്ത് പുരുഷോത്തമൻ അഭിപ്രായപ്പെട്ടു. ആയത് അംഗീകരിച്ചു.<br><br>**<u>തീരുമാനം:</u>** മേൽ പറഞ്ഞ തിരുത്തലുകളോടും കൂട്ടിച്ചേർക്കലോടും കൂടി നടപടിക്രമം അംഗീകരിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |
| 2.1 | DAR – Academics - Constitution of Board of Studies under the Faculty of Veterinary and Animal Sciences - Reg. |
| ചർച്ച കളും തീരു മാന വും | 10 വർഷത്തെ സർവ്വീസിന്റെ കാര്യത്തിൽ സർവ്വകലാശാലാ ലോ ഓഫീസറുടെ അഭിപ്രായം ലഭ്യമാക്കിയിട്ടില്ല എന്നു ബഹു. അംഗം ശ്രീ. തോമസ്. കെ.കെ. അറിയിച്ചു. വെറ്ററിനറി ഫാക്കൽറ്റിയുടെ കാര്യത്തിൽ 10 വർഷം സർവ്വീസ് ഉള്ളവരെ മാത്രമാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നു ബഹു. അംഗം ഡോ. ലീബ ചാക്കോ അറിയിച്ചു. ഇതിൽ 10 വർഷം സർവ്വീസ് ഉള്ളവരെ മാറ്റി നിർത്തപ്പെട്ടിട്ടുണ്ട് എന്ന ധാരണ തനിക്കുണ്ടെന്നും അങ്ങനെ മാറ്റി നിർത്തപ്പെട്ടിട്ടുണ്ടോ എന്ന് ബഹു. അംഗം ശ്രീ. തോമസ്. കെ.കെ. ആരാഞ്ഞു. ആയതിനു മറുപടിയായി, ഈ ബോഡിയിൽ HoUD-മാരായിട്ടുള്ളവരാണെന്നും, അവർക്കെല്ലാവർക്കും 10 വർഷത്തിനു മുകളിൽ സർവ്വീസ് ഉള്ളവരാണെന്നും ബഹു. അംഗം ഡോ. ലീബ ചാക്കോ അറിയിച്ചു.<br><br>ഇത്തരത്തിലുള്ള വിഷയങ്ങളിൽ തീരുമാനമെടുക്കുന്നതിനു മുൻപായി ആക്റ്റും, സ്റ്റാറ്റ്യൂട്ടും പരിശോധിക്കേണ്ടതായി വരുന്നതിനാൽ സർവ്വകലാശാലാ ആക്റ്റിന്റെയും സ്റ്റാറ്റ്യൂട്ടിന്റെയും പകർപ്പ് അടിയന്തരിമായി ലഭ്യമാക്കണമെന്ന് ബഹു. അംഗം ശ്രീ. വാഴൂർ സോമൻ - എം.എൽ.എ. അഭിപ്രായപ്പെട്ടു. ആയത് ബഹു. അംഗങ്ങൾക്കു അടിയന്തിരമായി ലഭ്യമാക്കുന്നതാണെന്ന് ചെയർ അറിയിച്ചു.<br><br>ഇത്തരം വിഷയങ്ങൾ ഓൺലൈൻ മീറ്റിംഗിലൂടെ ചർച്ച ചെയ്യുമ്പോൾ അപാകതകൾ സംഭവിക്കാനിടയുണ്ടെന്നും ആയതിനാൽ തുടർന്നുള്ള മീറ്റിംഗുകൾ ഓഫ് ലൈൻ ആയി സംഘടിപ്പിക്കണമെന്നും ബഹു. അംഗം ശ്രീ. വാഴൂർ സോമൻ - |

| | |
|---|---|
| | എം.എൽ.എ. അഭിപ്രായപ്പെട്ടു. തുടർന്നുള്ള മീറ്റിംഗുകൾ ഓഫ്‌ലൈൻ ആയി സംഘടിപ്പിക്കുന്നതായിരിക്കും എന്നു ചെയർ അറിയിച്ചു.<br><br>മാനദണ്ഡങ്ങൾ ലംഘിക്കപ്പെടുന്ന സാഹചര്യം ഉണ്ടായിട്ടില്ല എങ്കിൽ അംഗീകരിക്കാവുന്നതാണെന്ന് ബഹു. അംഗം അഡ്വ. ടി. സിദ്ദിഖ് - എം.എൽഎ. അഭിപ്രായപ്പെട്ടു.<br><br>**<u>തീരുമാനം:</u>** (1). നടപടി സാധൂകരിച്ചു. (2). അംഗീകരിച്ചു.<br><br>*നടപടി: ഡി.എ.ആർ./രജിസ്ട്രാർ* |
| 2.2 | DAR - Academics-Constitution of Board of Studies of the Faculty of Poultry Science – Reg. |
| **ചർച്ചകളും തീരുമാനവും** | ഫാക്കൽറ്റി ഓഫ് പൗൾട്രി സയൻസിൽ 10 വർഷം സർവ്വീസ് ഉള്ളവർ കുറവാണെന്നും, ആയതു കൊണ്ടാണ് 10 വർഷത്തെ സർവ്വീസ് ഇല്ലാത്തവരെയും ഈ ബോഡിയിൽ ഉൾപ്പെടുത്തേണ്ടി വന്നിരിക്കുന്നത് എന്നും ഇങ്ങനെയല്ലാ എങ്കിൽ ബോർഡ് ഓഫ് സ്റ്റഡീസ് നമ്മൾക്ക് മുൻപോട്ട് കൊണ്ടു പോകാൻ സാധിക്കില്ല എന്നും ബഹു. അംഗം ഡോ. ലീബ ചാക്കോ അറിയിച്ചു. അതുപോലെ ഇവിടെ 10 വർഷത്തെ സർവ്വീസ് ഇല്ലാത്തതായിട്ടുള്ള രണ്ടു പേരും ഡിപ്പാർട്ട്മെന്റിൽ സീനിയറായിട്ടുള്ളവരും, ഡിപ്പാർട്ടുമെന്റു ഹെഡുകളുമാണെന്നും ബഹു. അംഗം അഭിപ്രായപ്പെട്ടു.<br><br>കഴിഞ്ഞ തവണ ചേർന്ന മാനേജ്മെന്റ് കൗൺസിൽ യോഗത്തിൽ ഈ വിഷയവുമായി ബന്ധപ്പെട്ട്, വില്ലിംഗ്നെസ്സ് വിളിക്കാതെയാണ് ഈ ബോഡിയിലെ അംഗങ്ങളെ തീരുമാനിച്ചതെന്നും, കമ്മറ്റിയിൽ ഉൾപ്പെടാൻ ആഗ്രഹിക്കുന്ന വ്യക്തികൾ പുറത്തു നിൽക്കുന്നുണ്ടെന്നും, ബഹു. അംഗം ഡോ. സാബിൻ ജോർജ്ജ് അഭിപ്രായപ്പെട്ടിരുന്നു എന്ന് തോമസ് അറിയിച്ചു.<br><br>എന്നാൽ ബഹു. അംഗം ഡോ. സാബിൻ ജോർജ്ജ് പ്രസ്തുത യോഗത്തിൽ സംസാരിച്ചത് ഈ വിഷയവുമായി ബന്ധപ്പെട്ടല്ല, അത് സർവ്വകലാശാലാ സ്റ്റാറ്റ്യൂട്ടറി ഓഫീസർമാരുടെ ചാർജ്ജ് നൽകുമ്പോൾ വില്ലിംഗ്നെസ്സ് വിളിക്കണം എന്നുള്ളതായിരുന്നു എന്നും, ബോർഡ് ഓഫ് സ്റ്റഡീസ് വില്ലിംഗ്നെസ്സ് വിളിച്ച് രൂപീകരിക്കുന്ന ഒരു സമിതിയല്ല, പ്രവർത്തി പരിചയത്തെ അടിസ്ഥാനപ്പെടുത്തി സർവ്വകലാശാല അവരുടെ സേവനത്തെ ആവശ്യപ്പെടുകയാണെന്നും രജിസ്ട്രാർ മറുപടി നൽകി. കൂടാതെ ഡീൻ, സി.വി.&എ.എസ്. പൂക്കോട് -ന്റെ ചാർജ്ജ് കൈമാറ്റത്തിനു വില്ലിംഗ്നെസ്സ് ക്ഷണിച്ചപ്പോൾ ആരും തന്നെ മുന്നോട്ട് വരാത്ത സാഹചര്യമാണുണ്ടായതെന്നും രജിസ്ട്രാർ സഭയെ അറിയിച്ചു.<br><br>ബോർഡ് ഓഫ് സ്റ്റഡീസിന്റെ രൂപീകരണത്തിനു കൃത്യമായ മാർഗ്ഗരേഖകളുണ്ടെന്നും ആയതനുസരിച്ച് എത്രയും വേഗം സമിതി രൂപികരിക്കേണ്ടതുണ്ടെന്നും, അതുപോലെ ഈ വിഷയത്തിൽ സർവ്വകലാശാലാ ലോ ഓഫീസറുടെ റിമാർക്ക്സിൽ ബോർഡ് ഓഫ് സ്റ്റഡീസിന്റെ രൂപീകരണത്തിന് വില്ലിംഗ്നെസ്സ് വിളിക്കേണ്ടതിന്റെ ആവശ്യമില്ല എന്നുള്ളത് വളരെ കൃത്യമാണെന്നും ബഹു. അംഗം ഡോ. സജിത്ത് പുരുഷോത്തമൻ അഭിപ്രായപ്പെട്ടു.<br><br>സർവ്വകലാശാലാ ലോ ഓഫീസറുടെ നിയമോപദേശത്തിൽ ആക്ട്-നു പകരം സ്റ്റാറ്റ്യൂട്ട് എന്ന് തെറ്റായി കാണിച്ചിരിക്കുന്നുവെന്നാണ് മനസ്സിലാവുന്നത് എന്ന് ബഹു. അംഗം ശ്രീ. തോമസ്. കെ.കെ. അഭിപ്രായപ്പെട്ടു. |

| | |
|---|---|
| | ആയത് പരിശോധിച്ചപ്പോൾ ലോ ഓഫീസർ ഉദ്ദേശിച്ചത് ആക്ടിന്റെ സെക്ഷൻ 32 ആണെന്നു ബോധ്യപ്പെട്ടു എന്നും ടൈപ്പിംഗ് തെറ്റായി സ്റ്റാറ്റ്യൂട്ട് എന്ന് വന്നു പോയതാവാം എന്നും രജിസ്ട്രാർ അറിയിച്ചു.<br><br>**തീരുമാനം:** (1). നടപടി സാധൂകരിച്ചു. (2). അംഗീകരിച്ചു.<br><br>*നടപടി: ഡി.എ.ആർ./രജിസ്ട്രാർ* |
| 3.1 | പൊതുഭരണം/സി2 - പ്രമോഷൻ/ഇന്റേഷണൽ സെലക്ഷൻ നിയമ പ്രകാരം തസ്തികമാറ്റം വഴി Tractor Driver Gr II, Bus Attendant Gr II, Pump Operator Gr II, LDV Driver GrII, Technician Gr II(Electrical, Mechanical, Automobile), DMO Gr II, Clerical Assistant, Class IV, Assistant തസ്തികകളിലേക്കുള്ള അപേക്ഷകളിൽ ബന്ധപ്പെട്ട സ്റ്റാറ്റ്യൂട്ടുകൾ നിഷ്ക്കർഷിക്കുന്ന യോഗ്യതയ്ക്കനുസരിച്ചിട്ടുള്ള നിയമന മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നത് - സംബന്ധിച്ച്. |
| **ചർച്ചകളും തീരുമാനവും** | ആഭ്യന്തര നിയമനത്തിൽ മാനദണ്ഡമെന്നു പറയുന്നത് സീനിയോരിറ്റിയാണെന്നും ആയതിൽ ഇന്റർവ്യൂവിന്റെ ഒരു സാങ്കേതികത്വം വരുന്നില്ല എന്നും ഇന്റർവ്യൂ ഇല്ലാതെ സമർപ്പിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിക്കാവുന്നതാണെന്ന് ബഹു. അംഗം ഡോ. ലീബ ചാക്കോ അഭിപ്രായപ്പെട്ടു.<br><br>കുറേക്കാലമായി സർവ്വകലാശാലയിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്ന ഈ ജീവനക്കാർക്കു ലഭ്യമാകുന്ന പ്രൊമോഷനെന്ന രീതിയിൽ രജിസ്ട്രാർ പരിശോധിച്ച് ചെയ്യാവുന്നതാണെന്ന് ബഹു. അംഗം ശ്രീ. ഒ.ആർ. കേളു - എം.എൽ.എ. അഭിപ്രായപ്പെട്ടു.<br><br>ഒരു സെലക്ഷൻ പ്രക്രിയ അല്ല ഇതെന്നും ഇതൊരു പ്രൊമോഷൻ ആണെന്നും പി.എസ്.സി.യും കേരള കാർഷിക സർവ്വകലാശാലയും മറ്റു സർവ്വകലാശാലകളും പിൻതുടരാത്ത തരത്തിലുള്ള മറ്റൊരു മാർഗ്ഗം നമ്മൾ പിൻതുടരുന്നത് ഈ ബോഡിയുടെ പവിത്രതയെ ബാധിക്കുന്നതാണ് എന്നും അത്തരം രീതിയിലേക്കു പോകരുത് എന്നും ബഹു. അംഗം അഡ്വ. ടി. സിദ്ദിഖ് - എം.എൽ.എ. അഭിപ്രായപ്പെട്ടു.<br><br>എസ്റ്റാബ്ലിഷ്മെന്റ് കമ്മറ്റി ഒരു സ്റ്റാറ്റ്യൂട്ടറി കമ്മറ്റി അല്ലായെന്നും, ദീർഘകാലമായി സ്ഥിരം തൊഴിലാളി തസ്തികകളിലും, മറ്റു തസ്തികകളിലുമായി ജോലി ചെയ്തു വരുന്ന ജീവനക്കാർക്കു ലഭിക്കേണ്ട ന്യായമായ ഈ തസ്തികമാറ്റം എത്രയും വേഗം അനുവദിച്ചു കൊടുക്കേണ്ടതുണ്ടെന്ന് ബഹു. അംഗം ഡോ. ലീബ ചാക്കോ അഭിപ്രായപ്പെട്ടു.<br><br>സർവ്വകലാശാലാ സ്റ്റാറ്റ്യൂട്ട് 188 ഷെഡ്യൂൾ I ലെ ക്രമ നം. 33 - ലെ ക്ലാസ്സ് - 4 ജീവനക്കാരിൽ നിന്നും ക്ലറിക്കൽ അസിസ്റ്റന്റ് ആയുള്ള By Transfer പ്രൊമോഷൻ സീനിയോരിറ്റി അടിസ്ഥാനത്തിൽ സർവ്വകലാശാല നിലവിൽ നൽകിയിട്ടുള്ള സാഹചര്യത്തിൽ അതിൽ നിന്നും വ്യത്യസ്ഥമായി പുതിയ ഒരു പ്രക്രിയയിലേക്കു പോകുന്നത് ശരിയല്ല എന്നും ബഹു. അംഗം അഡ്വ. ടി. സിദ്ദിക്ക് - എം.എൽ.എ. അഭിപ്രായപ്പെട്ടു.<br><br>ക്ലറിക്കൽ അസിസ്റ്റൻറ് ആയി ഒരു ജീവനക്കാരനു By Transfer പ്രൊമോഷൻ നൽകണമെങ്കിൽ അതിനനുസരിച്ചുള്ള ക്ലറിക്കൽ അസിസ്റ്റന്റിന്റെ തസ്തിക അവിടെ ഉണ്ടായിരിക്കണമെന്നും, അല്ലാതെ 3 വർഷം പൂർത്തിയാകുന്ന മുറക്ക് പ്രൊമോഷൻ നൽകുന്നതിനുള്ള ഒരു പുതിയ തസ്തികയായി ആയതിനെ പരിഗണിക്കരുതെന്നും |

| | |
|---|---|
| | ബഹു. അംഗംവും ധനകാര്യ വിഭാഗം പ്രതിനിധിയുമായ ശ്രീ. എൻ. ഗോപകുമാർ അഭിപ്രായപ്പെട്ടു.<br><br>സർവ്വീസ് സീനിയോരിറ്റിയുടെ അടിസ്ഥാനത്തിൽ പ്രൊമോഷൻ നൽകുന്ന ഈ ഒരു വിഷയം മറ്റൊരു കമ്മിറ്റിയുടെ പരിഗണനക്കു പോകേണ്ട കാര്യമില്ലെന്നും, അതുപോലെ നിലവിലുള്ള തസ്തികയിലേക്കു മാത്രമേ ഈ പ്രൊമോഷൻ നൽകാവൂ എന്നും ബഹു. അംഗം ശ്രീ. ഒ.ആർ. കേളു -എം.എൽ.എ. അഭിപ്രായപ്പെട്ടു. ആയത് നിർബന്ധമായും വേണ്ടതാണെന്നു ബഹു. അംഗം ശ്രീ. വാഴൂർ സോമൻ -എം.എൽ.എ.യും അഭിപ്രായപ്പെട്ടു. ആയതിനു മറുപടിയായി നിലവിൽ ഒഴിഞ്ഞു കിടക്കുന്ന പോസ്റ്റിലേക്കു മാത്രമാണ് പ്രൊമോഷൻ നൽകുന്നത് എന്ന് ചെയർ അറിയിച്ചു.<br><br>ഈ വിഷയത്തിൽ എല്ലായിടത്തും ഒരേ മാനദണ്ഡം എന്ന നിലയിൽ സീനിയോരിറ്റിയും, പ്രവർത്തി പരിചയവും പരിഗണിച്ചുകൊണ്ട് സെലക്ഷൻ പ്രക്രിയ പൂർത്തിയാക്കണമെന്ന് ബഹു. അംഗം ഡോ. സജിത്ത് പുരുഷോത്തമൻ അഭിപ്രായപ്പെട്ടു.<br><br>ഇവിടെ സമർപ്പിച്ചിട്ടുള്ള മാർഗ്ഗ രേഖയിൽ ഒരു തസ്തികയിലേക്കു ക്ലാസ്സ് 4 ജീവനക്കാരിൽ നിന്നും സ്ഥിരം തൊഴിലാളികളിൽ നിന്നും ഒരേപോലെ അപേക്ഷ വിളിക്കുന്നതായി കാണുന്നു, അങ്ങനെ വരുമ്പോൾ സ്വാഭാവികമായും ക്ലാസ്സ് 4 ജീവനക്കാർക്കാണ് മുൻഗണന കൊടുക്കേണ്ടി വരുന്നതെന്നും, ഇങ്ങനെ ഉള്ള ധാരാളം പ്രശ്നങ്ങൾ ടി മാർഗ്ഗ രേഖയിൽ ഉള്ളതിനാൽ ആയത് പരിശോധിച്ച് മാർഗ്ഗ രേഖ കൃത്യമാക്കുന്നതിനാണ്, എസ്റ്റാബ്ലിഷ്മെന്റ് കമ്മറ്റിയിലേക്കു പോകണം എന്നു പറയുന്നതെന്നും, അതുപോലെ സിനിയോരിറ്റിയാണ് മാനദണ്ഡമെന്നു പറയുമ്പോഴും പ്രായോഗിക പരീക്ഷക്കും പ്രവൃത്തി പരിചയത്തിനും എഴുത്ത് പരീക്ഷക്കും മാർക്കുകൾ നിശ്ചയിച്ചിരിക്കുന്നത് എന്തിനാണെന്ന് മനസ്സിലാകുന്നില്ലാ എന്നും ബഹു. അംഗം ശ്രീ. തോമസ്. കെ.കെ. അഭിപ്രായപ്പെട്ടു.സമർപ്പിച്ചിരിക്കുന്ന മാർഗ്ഗരേഖ തൊഴിലാളി വിരുദ്ധമാണോ എന്നുള്ളത് പരിശോധിക്കേണ്ടതുണ്ടെന്നും ആയതിനായി ഒരു കമ്മറ്റി രൂപീകരിക്കുകയോ എസ്റ്റാബ്ലിഷ്മെന്റ് കമ്മിറ്റിക്ക് വിടുകയോ ചെയ്യാതെ ഈ അജണ്ട അംഗീകരിക്കുന്നതിന് ബഹു. അംഗം ശ്രീ. തോമസ്. കെ.കെ. വിയോജിപ്പ് രേഖപ്പെടുത്തി.<br><br>ഇത്തരം നിയമനങ്ങൾ നടത്തുമ്പോൾ ഒന്നിലധികം തസ്തികകളിൽ നിന്നും അപേക്ഷ ക്ഷണിക്കേണ്ട സാഹചര്യത്തിൽ ഉയർന്ന തസ്തികകളിൽ നിന്നും താഴോട്ട് എന്ന ക്രമത്തിൽ പ്രൊമോഷൻ നൽകണം എന്ന് കെ.എസ്.എസ്.ആർ.-ൽ സർക്കാർ നിഷ്ക്കർഷിച്ചിട്ടുണ്ട് എന്ന് സർവ്വകലാശാലാ ലോ ഓഫീസർ അറിയിച്ചു.<br><br>ബഹു. അംഗം ശ്രീ. തോമസ്. കെ.കെ.-യുടെ വിയോജനക്കുറിപ്പോടെ, അഭിമുഖം ഒഴിവാക്കിക്കൊണ്ട് സമർപ്പിച്ച മാർഗ്ഗരേഖ പൂർണ്ണമായും യോഗം അംഗീകരിച്ചു.<br><br>**<u>തീരുമാനം:</u>** മാർഗ്ഗരേഖ (ബി) പ്രകാരം *(അഭിമുഖം ഒഴിവാക്കിക്കൊണ്ട് സമർപ്പിച്ച മാർഗ്ഗരേഖ)* (1), (2) & (3) അംഗീകരിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |
| 3.2 | പൊതുഭരണം/സി2 - ഡോ. എ. കണ്ണൻ, അസോസിയേറ്റ് പ്രൊഫസർ ക്കെതിരായ അച്ചടക്ക നടപടിയുമായി ബന്ധപ്പെട്ട് അന്വേഷണ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് - സംബന്ധിച്ച്. |

| | |
|---|---|
| ചർച്ചകളും തീരുമാനവും | കഴിഞ്ഞ കമ്മിറ്റി പരിഗണിച്ച വിഷയങ്ങളിൽ മാനേജ്മെന്റ് കൗൺസിലിൽ കാലാവധിക്കു ശേഷമാണോ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടത് എന്നുള്ളതാണ് പ്രധാന പ്രശ്നമായി ചൂണ്ടിക്കാണിച്ചത്. എന്നാൽ പല പ്രൊജക്ടുകളിലും ഉൽപ്പന്നങ്ങൾ വാങ്ങിയതടക്കമുള്ള അഴിമതികൾ വളരെ വ്യക്തമാണെന്നും ആയതിനാൽ റിപ്പോർട്ടിന്റെ സാങ്കേതികത പരിശോധിക്കുന്നതിനേക്കാൾ ഏറെ ഡിപ്പാർട്ട്മെന്റ് തല അച്ചടക്ക നടപടികളിലേക്കു കടക്കുകയാണ് വേണ്ടതെന്ന് ബഹു. അംഗം ഡോ. സജിത്ത് പുരുഷോത്തമൻ അഭിപ്രായപ്പെട്ടു. ഹിയറിംഗ് നടത്തിയശേഷം കമ്മീഷൻ അംഗങ്ങൾ ഒരുമിച്ചിരുന്നാണ് റിപ്പോർട്ട് തയ്യാറാക്കേണ്ടതെന്നും എന്നാൽ ഈ വിഷയത്തിൽ അംഗങ്ങൾ ഒന്നിച്ചിരുന്നുള്ള ഒരു റിപ്പോർട്ട് തയ്യാറാക്കലല്ല ഉണ്ടായിട്ടുള്ളതെന്നും, അതുപോലെ റിപ്പോർട്ട് കൊടുക്കുമ്പോൾ താൻ അതിൽ അംഗമല്ല എന്നതിനാലുമാണ് റിപ്പോർട്ടുകളിൽ ഒപ്പിടാതിരുന്നതെന്നും ബഹു. അംഗം ശ്രീ. തോമസ്. കെ.കെ. സഭയെ അറിയിച്ചു. ഹിയറിംഗില്ലാതെ കമ്മിറ്റി അംഗങ്ങൾ മാത്രം ഇരിക്കുന്ന ഒരു വേദി ഈ കാര്യത്തിൽ ഉണ്ടായിട്ടില്ല എന്നും അങ്ങനെ കൂടിചേർന്ന് തയ്യാറാക്കുന്ന ഒരു റിപ്പോർട്ടിൽ മാത്രമേ തനിക്കു ഒപ്പിടാൻ സാധിക്കുകയുള്ളു എന്നും ബഹു. അംഗം അറിയിച്ചു.<br><br>കമ്മിറ്റി പ്രാതിനിധ്യം ഒരു പ്രധാന പ്രശ്നം തന്നെയാണെന്നും, കമ്മിറ്റിയിലെ ഒരു അംഗം ഇത്തരം ഒരു വിയോജിപ്പ് ഭരണസമിതിക്ക് മുൻപാകെ ഉന്നയിക്കുമ്പോൾ, ആയത് ഗൗരവമായി കാണണമെന്നും, അതിന്റെ നടപടിക്രമങ്ങൾ ശരിയായ രീതിയിലല്ലാതെ പെട്ടെന്നൊരു തീരുമാനമെടുത്തു പോയാൽ, ഈ വിഷയങ്ങൾ കോടതിയിലെത്തുമ്പോൾ അതു വീണ്ടും പ്രശ്നങ്ങളിലേക്കു പോകുമെന്നതിനാൽ, ബഹു. അംഗം ശ്രീ. തോമസ്.കെ.കെ ഉന്നയിച്ച വിഷയം എന്താണെന്നുള്ളത് ബഹു. വൈസ് ചാൻസലർ പരിശോധിക്കണമെന്ന് ബഹു. അംഗം ശ്രീ. വാഴൂർ സോമൻ - എം.എൽ.എ. അഭിപ്രായപ്പെട്ടു.<br><br>ചെയർ ആവശ്യപ്പെട്ട പ്രകാരം ഈ വിഷയത്തിൽ കമ്മിറ്റി ചെയർപേഴ്സനായിരുന്ന ബഹു. അംഗം ഡോ. ലീബ ചാക്കോ ചുവടെ പറയുന്ന കാര്യങ്ങൾ വിശദീകരിച്ചു.<br><br>അന്വേഷണ കമ്മിറ്റി 3 തവണ ചേരുകയും അതിൽ 2 തവണ, ഡോ. എ. കണ്ണൻ, അസോ. പ്രൊഫസറെ വിളിച്ചു വരുത്തി ഹിയറിംഗ് നടത്തുകയും ചെയ്തിരുന്നു. കമ്മിറ്റി അംഗങ്ങളായ ശ്രീ. തോമസ്. കെ.കെ., ശ്രീ. സുനിൽ. കെ എന്നിവർ ഉൾപ്പെടെ 3 അംഗങ്ങളും ഉൾപ്പെടെ ഒരുമിച്ചിരുന്നാണ് ഫയലുകൾ പരിശോധിച്ചത്. ആയതനുസരിച്ച് എഴുതി തയ്യാറാക്കിയ റിപ്പോർട്ട് ഈ അംഗങ്ങൾക്കു ഇ-മെയിൽ മുഖാന്തിരം അയക്കുകയും അംഗങ്ങൾ റിപ്പോർട്ട് കണ്ട ശേഷം അതേ റിപ്പോർട്ട് പ്രിന്റ് എടുത്ത് 3 അംഗങ്ങളും ഒപ്പിടുകയുമാണ് ചെയ്തിട്ടുള്ളത്. അതിന്റെ സപ്ലിമെന്ററി റിപ്പോർട്ടിൽ മാത്രമാണ് ബഹു. അംഗം ശ്രീ. തോമസ്. കെ.കെ ഒപ്പിടാതിരുന്നിട്ടുള്ളത്. സപ്ലിമെന്ററി റിപ്പോർട്ടിൽ പ്രാഥമിക റിപ്പോർട്ടിൽ നിന്നും വ്യത്യാസങ്ങളൊന്നും തന്നെയില്ല, തിരുവാഴാംകുന്നിൽ പോയി തെളിവെടുപ്പ് നടത്തിയ സമയത്ത് പ്രാഥമിക റിപ്പോർട്ടിൽ നിന്നും ഉപരിയായി ഉൾപ്പെടുത്തുന്നതിന് പ്രത്യേകിച്ച് ഒന്നും തന്നെ പരാതിക്കാരന് ബോധ്യപ്പെടുത്താൻ ഉണ്ടായിരുന്നില്ല, ആയതെല്ലാം റിപ്പോർട്ടിൽ വിശദമാക്കിയിട്ടുമുണ്ട്. ഓരോ പ്രൊജക്ടുകളുടേയും ഫയലുകൾ പരിശോധിച്ച് ചർച്ച ചെയ്തെടുത്ത തീരുമാനങ്ങളാണെന്നും, ആയതിന്റെ മിനുറ്റ്സിൽ അംഗങ്ങൾ ഒപ്പു രേഖപ്പെടുത്തിയിട്ടുള്ളതിനാലും ബഹു. അംഗത്തിന്റെ അറിവോടെയല്ല റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത് എന്ന പ്രസ്താവനയോട് വിയോജിപ്പ് രേഖപ്പെടുത്തുന്നതായും ബഹു. അംഗവവും അന്വേഷണ കമ്മിറ്റി ചേയർപേഴ്സണുമായ ഡോ. ലീബ ചാക്കോ അറിയിച്ചു.<br>തെറ്റുകാരനാണെന്ന് പ്രഥമദൃഷ്ട്യാ ബോധ്യപ്പെട്ടിരിക്കുന്ന ഒരു വിഷയത്തിൽ വീണ്ടും വീണ്ടും ചർച്ച ചെയ്തു നീട്ടിക്കൊണ്ട് പോകുന്നത് ഉചിതമല്ല എന്ന് ബഹു. അംഗം അഡ്വ. ടി. സിദ്ദിഖ് -എം.എൽ.എ. അഭിപ്രായപ്പെട്ടു.<br>റിപ്പോർട്ട് പ്രകാരം 29-07-2021, 28-08-2021 എന്നീ തീയതികളിൽ നടന്ന രണ്ട് സിറ്റിംഗുകളിലും അദ്ദേഹത്തിനെതിരായുള്ള ചാർജ്ജുകളെ പ്രതിരോധിക്കാൻ കൂടുതലായി ഒരു രേഖയും ഹാജരാക്കാൻ സാധിക്കാതിരുന്ന സാഹചര്യത്തിൽ ഈ കേസ് ഇനിയും വലിച്ചു നീട്ടി കൊണ്ടു പോകുന്നത് ശരിയല്ല എന്നും അടിയന്തിരമായി ഇ |

| | |
|---|---|
| | തിനൊരു നടപടിയുണ്ടാവണമെന്നും, അതുപോലെ പ്രാഥമിക റിപ്പോർട്ടിൽ മൂന്ന് അംഗങ്ങളും ഒപ്പിടുകയും ഫൈനൽ റിപ്പോർട്ടിൽ ഒരാൾ എന്തുകൊണ്ട് എന്നത് അദ്ദേഹം ഇവിടെ പറയേണ്ടതുണ്ടെന്നും ബഹു. അംഗവും ധനകാര്യ വിഭാഗം പ്രതിനിധിയുമായ ശ്രീ. എൻ. ഗോപകുമാർ അഭിപ്രായപ്പെട്ടു. മാത്രമല്ല ഈ വിഷയത്തിൽ പരാതിക്കാരൻ കോടതിയെ സമീപിക്കുമ്പോൾ കമ്മറ്റി അംഗങ്ങളിൽ ഒരംഗം ഒപ്പിടാതെ സമർപ്പിക്കുന്ന റിപ്പോർട്ട് നിലനിൽക്കാതെ വരികയും കേസ് തള്ളിപ്പോകാനുമിടയാകും എന്നും അതുപോലെ എഴ് വർഷത്തിനുമുൻപ് ചെയ്ത ക്രമക്കേടുകളിൽ ഇതുവരെ പരാതിക്കാരനെതിരെ നടപടികൾ കൈക്കൊള്ളാൻ സാധിക്കാത്തത് ഭരണസമിതിയുടെ വീഴ്ചയായി ചൂണ്ടിക്കാണിക്കപ്പെടുമെന്നും ആയതിനാൽ അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതുണ്ടെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ബാധ്യതകൾ എന്തെങ്കിലും ഫിനാൻസ് വിഭാഗത്തിനു റിക്കവറി ചെയ്യാനുണ്ടെങ്കിൽ അദ്ദേഹം സർവ്വീസിൽ നിന്നും വിരമിക്കുന്നതിനു മുൻപായിതന്നെ ആയത് സ്വീകരിക്കേണ്ടതായിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു.<br><br>മൂന്ന് സിറ്റിംഗുകളാണ് ഇതിനോടകം നടന്നതെന്നും ഇതിൽ ആദ്യത്തെ സിറ്റിംഗിൽ 7 കണ്ടെത്തലുകളാണ് നടത്തിയത് എന്നും ഈ ആരോപണങ്ങളിൽ ഡോ. എ. കണ്ണന്റെ വിശദീകരണം കേൾക്കുന്നതിനായി ബഹു. വൈസ് ചാൻസലറുടെ ചേമ്പറിൽ ചേർന്ന അടുത്ത സിറ്റിംഗിൽ തന്റെ അഭിപ്രായം ഫിസിക്കൽ വെരിഫിക്കേഷൻ നടത്തണം എന്നുള്ളത് ആയിരുന്നു എന്നും, എന്നാൽ ആയതനുസരിച്ച് തിരുവാഴാംകുന്നിൽ പോയിരുന്നു എങ്കിലും, ഫയലുകളുടെ പരിശോധന മാത്രമാണ് അവിടെ നടന്നതെന്നും, ഫിസിക്കൽ പരിശോധനക്ക് സാധിച്ചിരുന്നില്ല എന്നും അതിനു ശേഷം അവസാന റിപ്പോർട്ട് തയ്യാറാക്കുമ്പോൾ മൂന്ന് അംഗങ്ങളും കൂടി ഒരു യോഗം ചേരും എന്നുള്ള ധാരണയിലാണ് പിരിഞ്ഞതെങ്കിലും അങ്ങനെ ഒരു യോഗം ചേരാതെ റിപ്പോർട്ട് തയ്യാറാക്കി വന്നപ്പോൾ താൻ നടത്തിയ ചില കണ്ടെത്തലുകളിൽ അഭിപ്രായം രേഖപ്പെടുത്തുന്നതിനു തനിക്കു അവസരം കിട്ടിയില്ല എന്നും ബഹു. അംഗം ശ്രീ. തോമസ്. കെ.കെ. അറിയിച്ചു.<br><br>ആ കണ്ടെത്തലുകളിൽ ഒന്നാമത്തേത്, പൂക്കോട് ജോലി ചെയ്തു കൊണ്ടിരുന്നപ്പോഴുള്ള ടി.എ. തിരുവിഴാംകുന്ന് പോയി എഴുതി എടുത്തു എന്നതാണ്. ആ പ്രവർത്തി തെറ്റായിരുന്നു എങ്കിലും അതുമൂലം സർവ്വകലാശാലക്ക് സാമ്പത്തിക നഷ്ടം ഒന്നും തന്നെ സംഭവിച്ചിട്ടില്ല. രണ്ടാമത്തേത്, സർവ്വകലാശാലാ ഐ.ഡി. വിംഗിനെ ഉപയോഗിക്കാതെ തിരുവിഴാംകുന്ന് ബ്ലോക്ക് പഞ്ചായത്തിന്റെ എ.ഇ.-യെ ഉപയോഗിച്ചുകൊണ്ട് ബിൽഡിംഗ് നിർമ്മാണം നടത്തി എന്നുള്ളതാണ്. ആയതിൽ വേണ്ടത് വാല്യൂവേഷൻ എടുക്കലാണെന്നും, ബിൽഡിംഗ് ഉണ്ടാക്കുന്നതിൽ വാല്യൂവേഷന് അപ്പുറമുള്ള പണം ചെലവഴിച്ചിട്ടുണ്ടോ എന്നും ആയതിൽ സർവ്വകലാശാലക്ക് നഷ്ടം സംഭവിച്ചിട്ടുണ്ടോ എന്നതു പരിശോധിക്കുന്നതിനും ആയതിൽ വാല്യൂവേഷൻ റിപ്പോർട്ട് ഉണ്ടായിരുന്നില്ല എന്നാണ് താൻ മനസ്സിലാക്കിയത് എന്നും, ഈ അഭിപ്രായങ്ങൾ രേഖപ്പെടുത്തുന്നതിനു ഒരു വേദി ഉണ്ടായിരുന്നില്ല എന്നതിനുമാലാണ് അതിൽ ഒപ്പിടാതിരുന്നതെന്നും ബഹു. അംഗം ശ്രീ. തോമസ്. കെ.കെ. അറിയിച്ചു.<br><br>ഈ വിഷയത്തിൽ സർവ്വകലാശാല ഒരു കമ്മറ്റി രൂപീകരിച്ചു നടത്തിയ അന്വേഷണ റിപ്പോർട്ടിൻമേൽ ഒരു തീരുമാനമില്ലാതെ ഇങ്ങനെ മുന്നോട്ട് പോകുന്നത് ശരിയല്ല എന്നും ബഹു. അംഗം ശ്രീ. ഒ.ആർ. കേളു - എം.എൽ.എ. അഭിപ്രായപ്പെട്ടു.<br><br>ഈ വിഷയത്തിൽ നാച്ചുറൽ ജസ്റ്റിസ് നിഷേധിക്കപ്പെടുന്ന സാഹചര്യമുണ്ടാവരുതെന്നും പെട്ടെന്നൊരു തീരുമാനമെടുക്കാതെ അന്വേഷണ നടപടിക്രമങ്ങൾ വിശദമായി ഒന്നു പരിശോധിച്ചശേഷം തീരുമാനമെടുക്കുന്നതായിരിക്കും ഉചിതമെന്നും ബഹു. അംഗം ശ്രീ. വാഴൂർ സോമൻ - എം.എൽ.എ. അഭിപ്രായപ്പെട്ടു.<br><br>ഓഡിറ്റ് റിപ്പോർട്ടിൽ കൃത്യ വിലോപം കണ്ടെത്തിയിട്ടുള്ളതാണെന്നും ഇത് ആദ്യത്തെ കമ്മറ്റി അന്വേഷിക്കുന്ന കാര്യമല്ല എന്നും 2015-ൽ ഡോ. എ. കണ്ണൻ ചാർജ്ജെഴാഴിഞ്ഞ ശേഷം വീഡിയോ റെക്കോർഡിംഗ് ഉൾപ്പെടെ ശേഖരിച്ചു കൊണ്ട് |

| | |
|---|---|
| | ഒരു കമ്മിറ്റി അന്വേഷിച്ചിരുന്നുവെന്നും, അതിനു ശേഷം അന്വേഷിച്ച മറ്റൊരു കമ്മിറ്റിയുടെ പരിശോധനയിൽ കണ്ടെത്തിയ വസ്തുക്കൾ സർവ്വകലാശാലക്കു തിരിച്ചു കിട്ടിയ മുതലുകളായി കണ്ട്, ബാധ്യതയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെന്നും, ആ കണ്ടെത്തലുകൾ തന്നെയാണ് ഇപ്പൊഴും കണ്ടെത്തിയിരിക്കുന്നതെന്നും, ആയതിനാൽ ഇത് പെട്ടെന്നെടുത്ത ഒരു തീരുമാനമല്ല എന്നും ബഹു. അംഗവും അന്വേഷണ കമ്മിറ്റി ചെയർപേഴ്സണുമായ ഡോ. ലീബ ചാക്കോ അഭിപ്രായപ്പെട്ടു.<br><br>എൻക്വയറി കമ്മീഷൻ ആക്ട് സെക്ഷൻ 9എ പ്രകാരം എൻക്വയറിയിൽ എതെങ്കിലും ഒരംഗം പങ്കെടുത്തില്ല എങ്കിലോ, ഈ കമ്മീഷന്റെ എതെങ്കിലും പോസ്റ്റുകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെങ്കിലോ, ആയതൊന്നും അന്വേണത്തെ ബാധിക്കുന്നതല്ല എന്ന് പ്രതിപാദിച്ചിട്ടുള്ളതുമാണ് എന്നും സർവ്വകലാശാലാ ലോ ഓഫീസർ അറിയിച്ചു.<br><br>ഒരു കമ്മറ്റിയുടെ റിപ്പോർട്ട് കോടതിയുടെ പരിഗണനക്ക് വരുമ്പോൾ ആ കമ്മിറ്റി അംഗങ്ങളുടെ ഒരു സമവായം അതിൽ ഉണ്ടായിട്ടില്ല എങ്കിൽ അത് വീണ്ടും പ്രശ്നത്തിലേക്കു പോകുമെന്നതിനാൽ റിപ്പോർട്ട് എല്ലാ അംഗങ്ങളുടെയും സമയവായത്തോടെ സമർപ്പിക്കേണ്ടതുണ്ടെന്നും ആയതിനു ബഹു. വൈസ് ചാൻസലറുടെ നേതൃത്വത്തിൽ ഒരു യോഗം ചേർന്ന് ചർച്ചചെയ്ത് സമവായത്തിലെത്തുന്നതിന് തീരുമാനിക്കണമെന്നും ബഹു. അംഗവും ധനകാര്യ വിഭാഗം പ്രതിനിധിയുമായ ശ്രീ. എൻ. ഗോപകുമാർ അഭിപ്രായപ്പെട്ടു.<br>ഈ അഭിപ്രായത്തോട് യോജിക്കുന്നുവെന്നും, ഒരു സമയപരിധി നിശ്ചയിച്ച് കമ്മിറ്റിയിലെ മൂന്ന് അംഗങ്ങളും ഇരുന്നുകൊണ്ട് തുടർ അന്വേഷണത്തിനു പോയി വീണ്ടും നീട്ടിക്കൊണ്ട് പോകാതെ തന്നെ ചർച്ച ചെയ്തു സമവായത്തിലെത്തി എല്ലാ അംഗങ്ങളും ഒപ്പിട്ട റിപ്പോർട്ട് സമർപ്പിച്ച് അടുത്ത യോഗത്തിൽ കൊണ്ടു വരേണ്ടതാണെന്ന് ബഹു. അംഗം അഡ്വ. ടി. സിദ്ദിക്ക് - എം.എൽ.എ. അഭിപ്രായപ്പെട്ടു. ഈ അഭിപ്രായത്തോട് എല്ലാ അംഗങ്ങളും യോജിച്ചു.<br><br>**<u>തീരുമാനം</u>:** നിലവിലെ അന്വേഷണ കമ്മിറ്റി മുഴുവൻ അംഗങ്ങളുമായി ഉടൻ തന്നെ ഒരു യോഗം ചേർന്ന് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് വിശദമായി ചർച്ച ചെയ്ത് സമവായത്തിലെത്തി, കൂട്ടിച്ചേർക്കലുകളോ ഒഴിവാക്കലുകളോ ഉണ്ടെങ്കിൽ ആയതു കൂടി ഉൾപ്പെടുത്തി, എല്ലാ അംഗങ്ങളും ഒപ്പിട്ട റിപ്പോർട്ട് അടുത്ത ബോർഡ് ഓഫ് മാനേജ്മെന്റ് യോഗത്തിനു മുൻപാകെ സമർപ്പിക്കുന്നതിനു തീരുമാനിച്ചു.<br><br>*നപടി: രജിസ്ട്രാർ* |
| 3.3 | പൊതുഭരണം/എ3 - സർവ്വകലാശാല യിലെ വിവിധ തസ്തിക കളിൽ താൽക്കാലിക നിയമനം നടത്തുന്നതിനായി രൂപീകരിച്ച സെലക്ഷൻ കമ്മിറ്റിയുടെ ഘടന പുനക്രമീകരിക്കു ന്നത് - സംബന്ധിച്ച്. |
| ചർച്ച കളും തീരു മാന വും | പ്ലാൻ വിഹിതത്തിൽ ഈ സാമ്പത്തിക വർഷത്തിൽ തുക വകയിരുത്തിയിട്ടുള്ള പദ്ധതികളുടെ പൂർത്തീകരണത്തിനായി ആവശ്യമായിവരുന്ന താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നതിനു ഈ കമ്മിറ്റി രൂപീകരണം നീട്ടിക്കൊണ്ടു പോകാതെ തന്നെ അംഗീകരിച്ചു മുന്നോട്ട് പോകേണ്ടത് അനിവാര്യമാണെന്ന് ബഹു. അംഗം ഡോ. ലീബ ചാക്കോ അഭിപ്രായപ്പെട്ടു.<br><br>മുൻകാലങ്ങളിലെ പോലെ അദ്ധ്യക്ഷൻ എസ്റ്റാബ്ലിഷ്മെന്റ് കമ്മിറ്റി ചെയർ അല്ലെങ്കിൽ ഭരണസമിതി അംഗം എന്ന രീതിയിലാകണമെന്നു ബഹു. അംഗം ശ്രീ. തോമസ്. കെ.കെ. അഭിപ്രായപ്പെട്ടു. ആ രീതിയിൽ കൂട്ടിച്ചേർക്കലുകൾ വരുത്തിക്കൊണ്ട് അംഗീകരിച്ചു.<br><br>**<u>തീരുമാനം</u>:** സെലക്ഷൻ കമ്മിറ്റിയുടെ അദ്ധ്യക്ഷൻ; എസ്റ്റാബ്ലിഷ്മെന്റ് കമ്മിറ്റി ചെയർ അല്ലെങ്കിൽ ഒരു ഭരണസമിതി അംഗം എന്ന് തിരുത്തി ഘടന അംഗീകരിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |

| | |
|---|---|
| 5.1 | കെ.വി.എ.എസ്.യു-ഐ.ഡി.ഡബ്ല്യു - പ്ലാൻ 2021-22 - വർക്ക്സ് - Construction of 2nd floor of VKIDFT building, auditorium and establishment of farmers facilitation centre at Mannuthy - പ്രവൃത്തിക്ക് സാങ്കേതി കാനുമതി നൽകിയത് - സാധൂകരിക്കുന്നത് - സംബന്ധിച്ച്. |
| തീരുമാനം | (1) സാധൂകരിച്ചു. (2) അംഗീകരിച്ചു.<br><br>*നടപടി: ഡയറക്ടർ (ഐ.ഡി. വിംഗ്)* |
| 5.2 | IDW - RIDF - NABARD - Proposed construction of Establishment of referral analytical & diagnosis laboratory for supporting livestock farming and diagnosis of zoonotic disease CoVAS, Mannuthy - CPWD-ക്ക് തുകനൽകുന്നത് - സംബന്ധിച്ച്. |
| ചർച്ചകളും തീരുമാനവും | CPWD-ക്ക് കൊടുത്ത വർക്കുകൾ സമയബന്ധിതമായി ചെയ്തു തീർക്കുന്നുണ്ടോ എന്നതു സമയാസമയം പരിശോധിക്കണമെന്ന് ബഹു. അംഗം ശ്രീ. എൻ. ഗോപ കുമാർ അഭിപ്രായപ്പെട്ടു. ആയതിനായി ഒരു കമ്മറ്റി രൂപകരിച്ചിട്ടുണ്ടെന്നും എല്ലാ മാസവും ഈ കമ്മിറ്റി പ്രവർത്തനങ്ങൾ വിലയിരുത്തി വരികയാണെന്നും ചെയർ അറിയിച്ചു.<br><br>**തീരുമാനം:** (1) സാധൂകരിച്ചു. (2) അംഗീകരിച്ചു.<br><br>*നടപടി: ഡയറക്ടർ (ഐ.ഡി. വിംഗ്)* |

**അജണ്ടാക്കുറിപ്പുകൾക്ക് പുറത്തു നടന്ന ചർച്ചകളിൻമേലുള്ള തീരുമാനങ്ങൾ:**

(1). സർവ്വകലാശാലയിൽ നിന്നും ബഹു. വൈസ് ചാൻസലറും രജിസ്ട്രാറും അടങ്ങുന്ന ഒരു സംഘം കഴിഞ്ഞ ദിവസങ്ങളിൽ കോലാഹലമേട് ക്യാമ്പസ്സ് സന്ദർശിച്ച് വളരെ മികച്ച നിർദ്ദേശങ്ങൾ മുന്നോട്ട് വെച്ചതിനു ശേഷമാണ് മടങ്ങിയതെന്നും, ആയത് വളരെ സന്തോഷ കരമായ കാര്യമാണെന്നും, ആയതിനു പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു എന്നും ബഹു. അംഗം ശ്രീ. വാഴൂർ സോമൻ - എം.എൽ.എ. അറിയിച്ചു.

(2). സർവ്വകലാശാലാ ഓഫീസർമാരുടെ പോസ്റ്റുകളിൽ സ്ഥിരം നിയമനം നടത്താതെ ഒഴി ഞ്ഞു കിടക്കുന്ന സാഹചര്യമുണ്ടെങ്കിൽ ടി നിയമനങ്ങൾ എത്രയും വേഗം നടത്തുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ബഹു. അംഗം അഡ്വ. ടി. സിദ്ദിഖ് ആവശ്യപ്പെട്ടു. ആ യതിന്റെ നടപടികൾ സർവ്വകലാശാലാ ആരംഭിച്ചു കഴിഞ്ഞതായി രജിസ്ട്രാർ അറിയിച്ചു.

*നടപടി: രജിസ്ട്രാർ*

രജിസ്ട്രാർ, അദ്ധ്യക്ഷനും മറ്റു അംഗങ്ങൾക്കും കൃതജ്ഞത പ്രകാശിപ്പിക്കുകയും യോഗം 12.15 മണിക്ക് അവസാനിക്കുകയും ചെയ്തു.

**(ഒപ്പ്)**
**രജിസ്ട്രാർ**
**(മെമ്പർ സെക്രട്ടറി)**

**(ഒപ്പ്)**
**വൈസ് ചാൻസലർ**
**(അദ്ധ്യക്ഷൻ)**
*(07-03-2022 തീയതിയിൽ അംഗീകരിച്ചു.)*

//True Copy//

**SECTION OFFICER - GA/B Section**